**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2138 01.02.2018- ൽ മറുപടിയ്ക്ക്

## വയോധികരുടെ സംരക്ഷണം

ചോദ്യം

മറുപടി

ശ്രീ.അബ്ദുൾ ഹമീദ്.പി.

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | തെരുവിൽ ഉപേക്ഷിക്കപ്പെട്ട വൃദ്ധ ജനങ്ങളെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളെയും, സംരക്ഷിക്കാൻ ആരുമില്ലാതെ ഒറ്റപ്പെട്ട കഴിയുന്ന വൃദ്ധജനങ്ങളേയും സംരക്ഷിയ്ക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് കീഴിൽ വൃദ്ധസദനങ്ങൾ പ്രവർത്തിയ്ക്കുന്നു. വകുപ്പ നേരിട്ടോ, സന്നദ്ധ സംഘടനകൾ മുഖേനയോ പോലീസ് ഡിപ്പാർട്ട്മെന്റ് മുഖേനയോ ഏറ്റെടുക്കുന്ന വൃദ്ധജനങ്ങളെ വകുപ്പിന് കീഴിലുള്ള 16 വൃദ്ധസദനങ്ങളിൽ ഏതിലെങ്കിലും പ്രവേശിപ്പിച്ച് സംരക്ഷണം നൽകി വരുന്നുണ്ട്. ഇത്തരത്തിൽ പ്രവേശിപ്പിയ്ക്കപ്പെടുന്നവർക്ക് താമസം, വസ്ത്രം, ഭക്ഷണം, മരുന്നുകൾ മറ്റ് ചികിത്സകൾ എന്നിവ സൗജന്യമായാണ് നൽകിവരുന്നത്. കൂടാതെ തെരുവിൽ അലഞ്ഞുതിരിയുന്ന വൃദ്ധർ, മാനസിക രോഗികൾ എന്നിവരെ ഏറ്റെടുത്ത് പുനരധിവസിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 605 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ അഗതികളായ |

| | | | |
|---|---|---|---|
| | | | വയോജനങ്ങളെയാണ് സംരക്ഷിക്കുന്നത്. തെരുവിൽ ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങളെ സംബന്ധിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടാൽ അത് ഈ ക്ഷേമസ്ഥാപനങ്ങളെ അറിയിക്കുകയും അവർ ഏറ്റെടുത്ത് അവരെ സംരക്ഷിക്കുകയും ചെയ്യും. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് അവരുടെ ചെലവുകൾക്കായി സർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ട്. ഇത്തരം ക്ഷേമസ്ഥാപനങ്ങൾക്ക് ബി.പി.എൽ. നിരക്കിൽ അരിയും പഞ്ചസാരയും ഗോതമ്പും നൽകി വരുന്നുമുണ്ട്. സൗജന്യ മെഡിക്കൽ സേവനവും വയോജനങ്ങൾക്ക് ലഭിയ്ക്കുന്നുണ്ട്. |
| (ബി) | കേരളത്തിലെ വയോധികരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | സംസ്ഥാനത്തെ സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ പഠിയ്ക്കുന്നതിന് റിട്ട.ജസ്റ്റിസ് ശ്രീ.സി.എൻ.രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തി വരുന്നു. സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടു കൂടിയ വയാജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**